DESPATCHED
On. 15/06/2020

17/03/2020.

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

ഹർജി നമ്പർ **AP. 2576*(7)/2014*/*എസ്.ഐ.സി.***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.15716/*എസ്.ഐ.സി-ജി 6/14*
സന്നിഹിതൻ
ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ.ധനേഷ്.ഡി
ആമീൻ വെള്ളി ഹൗസ്
ആശ്രാമം വാർഡ്
അവലൂക്കുന്ന് പി.ഒ
ആലപ്പുഴ–688 006
} അപ്പീൽ ഹർജിക്കാരൻ

**Vs**

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീഗക്ത ആന്റ്
കൃഷി ഡെപ്യൂട്ടി ഡയറക്ടർ(സി)
പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസ്
ആലപ്പുഴ

2. അപ്പീൽ അധികാരി
പ്രിൻസിപ്പൽ കൃഷി ഓഫീസർ
പ്രിൻസിപ്പൽ കൃഷി ഓഫീസ്
ആലപ്പുഴ

} എതിർകക്ഷികൾ

## ഉത്തരവ്

2014ൽ സംസ്ഥാന വിവരാവകാശ കമ്മീഷനിൽ സമർപ്പിച്ച പരാതി ഹർജിയാണിത്. ഇതിൽ ആവശ്യപ്പെട്ടിരിക്കുന്ന രേഖകൾക്കും വിവരങ്ങൾക്കും 5 വർഷത്തോളം പഴക്കമുണ്ട്. ടി പരാതി ഹർജിയിൽ എസ്.പി.ഐ.ഒ. കമ്മീഷനിൽ സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകിയെന്നാണ്.



res

2. എസ്.പി.ഐ.ഒ. സമർപ്പിച്ച റിപ്പോർട്ടിന്മേൽ അഭിപ്രായം തേടുന്നതിനായി കമ്മീഷൻ 26.11.2019 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാൾ കളക്ടറേറ്റ്, ആലപ്പുഴ വച്ചു നടത്തിയ വീഡിയോ കോൺഫറൻസിൽ ഹാജരാകുവാൻ ഇരുകക്ഷികൾക്കും നോട്ടീസ് നൽകുകയും കക്ഷികൾ ഹാജരാകുകയും ചെയ്തു. എസ്.പി.ഐ.ഒ സമർപ്പിച്ച റിപ്പോർട്ടിൽ ശ്രീമതി അഞ്ജു തന്റെ സേവന പുസ്തകത്തിൽ ജനനത്തിയതി തിരുത്തിയതു സംബന്ധിച്ച് ഉള്ള ഫയൽ ആണ് ടി അപ്പീൽ ഹർജിക്കടിസ്ഥാനമെന്നും ടി വിഷയത്തിൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിക്കുകയും അതിന് സമയബന്ധിതമായും വ്യക്തവും സുതാര്യവുമായ മറുപടി നൽകിയിട്ടുണ്ടെന്നും ബോധിപ്പിച്ചു. 27.11.2019ന് ഹർജിക്കാരന്റെ കത്ത് കമ്മീഷനിലേയ്ക്ക് ലഭിക്കുകയും ആയതിൽ തനിക്കുള്ള ആക്ഷേപം ബോധിപ്പിക്കുകയും ചെയ്തു.

3. പരാതിഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ അപേക്ഷകൻ കത്തിൽ ചൂണ്ടിക്കാണിച്ചതു പോലെ എസ്.പി.ഐ.ഒ ഹിയറിംഗ് നോട്ടീസ് ലഭിച്ച് 7 ദിവസത്തിനകം റിപ്പോർട്ട് ഹർജിക്കാരന് നൽകാത്തത് ഗൗരവതരമായ വീഴ്ചയായി കാണുകയും മേലിൽ ഇത്തരം പ്രവർത്തികൾ ആവർത്തിക്കരുതെന്ന് കമ്മീഷൻ താക്കീത് നൽകുന്നു. എന്നാലും സമയബന്ധിതമായി അപേക്ഷയ്ക്കും അപ്പീലിനും വിവരങ്ങൾ നൽകിയതായി കാണുന്നതിനാൽ ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നുകണ്ട് ഇന്നേദിവസം 2020 മാർച്ച് 17–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

RIGHT TO INFORMATION



res